ഭയപ്പെടേണ്ടാ;

അവൻ ഇവിടെയില്ല..

അവൻ ഉയിർപ്പിക്കപ്പെട്ടു.

മത്തായി 28, 5 6

# വിചിന്തനം

മാർച്ച് 2024

ഭയപ്പെടേണ്ട.... അവൻ ഇവിടെയില്ല.... അവൻ ഉയർപ്പിക്കപ്പെട്ടിരിക്കുന്നു (മത്തായി 28, 5 6)

കല്ലറ ഭദ്രമായി മുദ്രവച്ചിരുന്നു. കാവൽക്കാരും ഉണ്ടായിരുന്നു. എന്നാൽ, അരുളിച്ചെയ്തതുപോലെ സകലത്തയും അതിജീവിച്ച് യേശുക്രിസ്തു മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റു. അവൻ നാമോരോരുത്തർക്കും വേണ്ടിയാണ് മരിച്ചതും ഉയിർത്തതും. പുനരുത്ഥാനത്തിന്റെ സന്ദേശം മാറ്റമില്ലാത്തതാണ്. മരണത്തിന്റേമേൽ വിജയവും, പാപത്തിന്റേമേൽ മോചനവും, പ്രതിബന്ധങ്ങൾക്കുമേൽ പ്രതീക്ഷയും, പരിശുദ്ധാത്മശക്തിയിലുള്ള ഒരു ജീവിതത്തിന്റെ സാധ്യതയും അതു പ്രഖ്യാപിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായ യേശുവിന്റെ പുനരുത്ഥാനം നമ്മുടെ ജീവിതത്തെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് ? അത് എപ്രകാരം നമ്മെ രൂപപ്പെടുത്തിയിട്ടുണ്ട്?

യേശുവിന്റെ പുനരുത്ഥാനവും അതിനു നാം ഓരോരുത്തരുമായുള്ള ബന്ധവും ധ്യാനിക്കുമ്പോൾ, ആദ്യം തിരിച്ചറിയേണ്ടത് ദൈവവചനം നിറവേറും എന്ന വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് അത് എന്ന സത്യമാണ്. എന്നാൽ മൂന്നാം ദിവസം അവൻ ഉയർപ്പിക്കപ്പെടും എന്ന വസ്തുത സുവിശേഷം രേഖപ്പെടുത്തിയിട്ടുണ്ട്. 'നിന്റെ വാക്കുപോലെ എന്നിൽ സംഭവിക്കട്ടെ' എന്ന് മറിയം പറഞ്ഞത് അവളിൽ നിറവേറിയതുപോലെ യേശുവിന്റെ ജീവിതത്തിലും അവന്റെ വാക്കുകൾ പൂർണമായി നിറവേറ്റപ്പെട്ടു. ഇവിടെയാണ് ഈസ്റ്റർ നമ്മുടെ ജീവിതത്തെ പുനപരിശോധിക്കാൻ നിർബന്ധിക്കുന്നത്. ദൈവവചനം നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തെ എങ്ങനെയാണ് രൂപപ്പെടുത്തുന്നത്? നമ്മുടെ സ്വഭാവത്തെ, തിരഞ്ഞെടുപ്പുകളെ, സ്വപ്നങ്ങളെ, വിനോദത്തെ, തൊഴിലിനെ, നാം ഭാവിയിലേക്കുവേണ്ടി സൂക്ഷിച്ചുവയ്ക്കുന്നതിനെ എല്ലാം ദൈവവചന കാഴ്ചപ്പാടിലാണോ നാം മെനയുന്നത്? കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്നു വിശ്വസിച്ച മറിയത്തിന്റെ ഭാഗ്യത്തിലേക്ക് ഉയിർപ്പ് തിരുനാൾ നമ്മെ ക്ഷണിക്കുന്നു. വചനത്തിലുള്ള ദൃഢവിശ്വാസത്തിലൂടെ, അനുസരണത്തിലൂടെ വാഗ്ദാനം പ്രാപിക്കാൻ യേശുവിന്റെ ഉയിർപ്പ് നമ്മെ വെല്ലുവിളിക്കുന്നു.

രണ്ടാമതായി, യേശുവിന്റെ പുനരുത്ഥാനത്തിന്റെ രഹസ്യവും പരസ്യവും അവനിൽ വിശ്വസിക്കുന്ന ഓരോരുത്തരുടെയും ജീവിതത്തെ അതിശയകരമായ പ്രത്യാശയിലേക്കു കൊണ്ടുപോകുന്നുണ്ട് എന്നതാണ്. സ്വാർത്ഥതയുടെയും മരണസംസ്കാരത്തിന്റെയും മതിലുകൾക്കപ്പുറത്ത് നവജീവിതത്തിന്റെ പുതുപാതകൾ ഉണ്ടെന്ന് അതു വ്യക്തമാക്കുന്നു. തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി ഒരു പുതിയ പാത തുറന്നു തന്നിരിക്കുന്നു (ഹെബ്രാ 10, 20). പഴയതു കടന്നുപോയി, പുതിയതു വന്നുകഴിഞ്ഞു എന്ന യേശുവിന്റെ പുനരുത്ഥനത്തിന്റെ സദ്വാർത്ത നാം നമ്മുടെ ജീവിതത്തോടു തന്നെ പ്രഘോഷിക്കണം. അപ്പോൾ എസെക്കിയേൽ പ്രവചനത്തിൽ വരണ്ട അസ്ഥികൾക്ക് ജീവൻ പ്രാപിച്ചതുപോല നമ്മുടെ ജീവിതാവസ്ഥകളും പുതുമ ആർജ്ജിക്കും, ശക്തിപ്പെടും. ഒരു ക്രിസ്ത്യാനിയുടെ ജീവിതം പാപഭാരങ്ങൾകൊണ്ടോ ഭൗതിക സമ്മർദ്ദങ്ങൾകൊണ്ടോ തളർന്നുപോകാൻ യേശുവിന്റെ ഉത്ഥാനം അനുവദിക്കുന്നില്ല. അത് ജീവിതത്തിന് അർത്ഥവും ദിശാബോധവും നൽകുന്നതാണ്. നമ്മുടെ സാഹചര്യങ്ങൾ എന്തുതന്നെയായാലും പുനരാരംഭിക്കാനുള്ള അവസരവും. ഇതാ നിന്റെ മുൻപിൽ ആർക്കും പൂട്ടാൻ കഴിയാത്ത വിധം തുറന്നു കിടക്കുന്ന ഒരു വാതിൽ ഞാൻ സ്ഥാപിച്ചിരിക്കുന്നു. (വെളി 3, 8) ഈ വാതിൽ യേശുവിന്റെ പുനരുത്ഥാനം തന്നെയാണ്.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ആദ്യം തന്നെത്തന്നെ വെളിപ്പെടുത്തിയ മഗ്ദലേനമറിയത്തോട് ആവശ്യപ്പെട്ടത് ഉയിർപ്പിന്റെ സദ്വാർത്ത ശിഷ്യരെ അറിയിക്കാനാണ്. ഇതിനായി അവൻ തെരഞ്ഞെടുത്തതാകട്ടെ, ഏഴ് പിശാചുക്കളിൽനിന്നും വിടുതൽ പ്രാപിച്ച ഒരുവളെ. യേശുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും

ശക്തിയിലൂടെ എത്ര ദൈന്യതയിലായിരുന്നവരെയും പിതാവിന്റെ മഹത്വത്തിലേക്ക് ഉയർത്താനാകും എന്നതിന്റെ ധീരസാക്ഷിയായി മഗ്ദനയിലെ മറിയം നമ്മെ വെല്ലുവിളിക്കുന്നു. അവൻ അവളിൽ ചെയ്ത വൻകാര്യങ്ങൾ നമ്മിലും ചെയ്യാൻ അവനു സാധിക്കുമെന്ന വിശ്വാസം എത്ര മാത്രം നമ്മിലുണ്ട്? നല്ല വാർത്തയുമായി ജ്വലിക്കുന്ന ഹൃദയത്തോടെ അവൾ ഓടിയതുപോലെ ഉയിർപ്പിന്റെ സദ്വാർത്തയുമായി ഓടുന്ന ജീവിതചര്യ രൂപപെടുവാൻ മാത്രം ഉത്ഥിതന്റെ കണ്ടുമുട്ടലനുഭവം നമ്മിൽ ശക്തമാണോ? ഈ അനുഭവത്തിൽ വളരാൻ ഉതകുന്ന ഒരു കൂട്ടായ്മയുടെ ഭാഗമാണോ നാം ഓരോരുത്തരും ?

യേശു ഉത്ഥാനശേഷം നൽകിയ വാഗ്ദാനം ഇതാണ് : നിങ്ങളാകട്ടെ, ഏതാനും ദിവസങ്ങൾക്കകം പരിശുദ്ധാത്മാവിൽ സ്നാനപ്പെടും (അപ്പ.പ്രവ 1,5) യേശുവിന്റെ പുനരുത്ഥാനത്തിന്റെ ഫലം നമ്മുടെ ജീവിതത്തിൽ ഉണ്ടെന്ന് നാം തീർച്ചയാക്കേണ്ടത് ഈ വാഗ്ദാനം പ്രാപിച്ചുകൊണ്ടാണ്. പരിശുദ്ധാത്മാവിന്റെ സ്നാനമേൽക്കുന്ന, ആത്മാവിനാൽ നയിക്കപ്പെടുന്ന ഒരു നവ അപ്പസ്തോല സമൂഹം ആയി നമ്മുടെ ജീസസ് യൂത്ത് കൂട്ടായ്മകൾ രൂപപ്പെടേണ്ടേ? അതിനായി സഹോദരങ്ങളുമായി തോളോടുതോൾചേർന്ന് നമുക്ക് മുന്നോട്ട് പോകാം. ആർക്കും അടയ്ക്കാൻ പറ്റാത്ത ഒരു വാതിൽ നമുക്കു മുൻപിൽ തുറന്നു കിടപ്പുണ്ട്. ക്രിസ്തുവിന്റെ ഉത്ഥാനം വാഗ്ദാനം ചെയ്യുന്ന പ്രത്യാശയുടെ വാതിൽ! ലോകം മുഴുവനും ഈ വാതിലിലൂടെ ആനന്ദത്തിന്റെ നിറവിലേക്കു പ്രവേശിക്കട്ടെയെന്നു നമുക്കു പ്രത്യാശയോടെ പ്രാർത്ഥിക്കാം.

കെ. കെ. ജോസഫ്

---

ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ഫസ്റ്റ് ലൈൻ നേതാക്കളിൽ ഒരാളായ ശ്രീ കെ. കെ. ജോസഫ്, കൊച്ചിൻ ഷിപ്പ് യാർഡിൽ നിന്നും വിരമിച്ചു. ജീവിതപങ്കാളി പ്രൊഫ. കൊച്ചുറാണിക്കൊപ്പം കൊച്ചിയിൽ താമസിക്കുന്നു.